# പാണ്ഡവപുരം

ദീർഘലക്ഷമതയോടെ ഇവിടെ ഞാൻ നോവലിലെ പ്രധാനവികാരത്തിന്റെ മൂലരേഖ തേടുക യാണ്. വികാരത്തിന്റെ ഈ മൂലരേഖ തേടൽ 'പാണ്ഡവപുരം' ഒരു സാംസ്കാരിക സംഘർഷ ത്തിന്റെ വികസിപ്പിച്ച സൂചകമാണെന്നു തീർച്ചപ്പെടുത്താൻ എന്നെ പ്രേരിപ്പിച്ചു. ദേവി, സമൂഹത്തിന്റെ ബാഹ്യതലത്തിൽ ഇപ്പോൾ കാണാൻ കഴിയാത്ത സാംസ്കാരികശക്തികൾ സൃഷ്ടിച്ച ബാഹ്യസൂചകമാണെന്ന അഭിപ്രായം ഇവിടെ പ്രസക്തമാകയാൽ ഞാൻ വീണ്ടും ആവർത്തിക്കുക യാണ്. ജാരനെ കാത്തിരിക്കുന്ന ദേവി ആദിമലൈംഗിക സ്വാതന്ത്ര്യത്തിൽ നിന്ന് ഏകഭർത്തൃത്വത്തിലേക്കുള്ള വരവിനെതിരെ സ്ത്രീചേതന പ്രകടിപ്പിക്കുന്ന നിർബോധ പൂർവ്വമായ (Non-conscious) പ്രതിഷേധസ്വപ്നത്തിന്റെ പ്രതീകമാണ്. ഭൂതകാലത്തിലെ സ്ത്രീസത്തയിലേക്കുള്ള ഇന്നത്തെ സ്ത്രീയുടെ അഭിലാഷക്കുതിപ്പാണ് ദേവിയുടെ ഭ്രമകൽപ്പന കൾ. ബഹുഭർത്തൃത്വം അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമായിരുന്നുവെന്ന് ചരിത്രത്തിന്റെ ശ്രോതാക്കളായ നമുക്കറിയാം. ഈ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള വികാരതീവ്രമായ സ്മരണയും സ്വപ്നവും സ്ത്രീവ്യക്തിത്വ ത്തിന്റെ അടിസ്ഥാനഘടനയാണ്. ജാരനെ കാത്തിരിക്കുന്നതിൽ ഉൽകണ്ഠാകുലമായ ആനന്ദം അനുഭവിക്കുന്ന ദേവി, ബഹുഭർത്തൃത്വത്തെ സംബന്ധിക്കുന്ന ആ പ്രാചീനതയുടെ രാത്രിഗന്ധ ത്തെ നാഗരികതയുടെ പകലിന് പരിചയപ്പെടുത്തുകയാണ്. ഇതാണ് പാണ്ഡവപുരം എന്ന നോവലിന്റെ സാംസ്കാരികഘടന.

*(കെ.പി.അപ്പൻ - പാണ്ഡവപുരത്തിന്റെ അസ്ഥിയും മാംസവും - കലാകൗമുദി )*

ഈ നോവലിലെ വർണപദ്ധതി പരിശോധിച്ചാൽ കൗതുകകരമായ ഒരു കാര്യം വെളിപ്പെട്ടെന്നി രിക്കും. നോവലിസ്റ്റ് കഥയിലുടനീളം രണ്ടു അടിസ്ഥാനവർണങ്ങളെ വിന്യസിച്ചിരിക്കുന്നു. പാണ്ഡവപുരത്തിലെ അച്ചിൽ വാർത്തിട്ട കെട്ടിടങ്ങളുടെ നിറം മഞ്ഞയാണ്. മഞ്ഞ ഇവിടെ ഭർത്താവ് ദേവിക്ക് നല്കിയ വിരസവും സ്നേഹശൂന്യവുമായ ജീവിതത്തിന്റെ സൂചനയരു ളുന്നു. മറിച്ച്, ദേവി സങ്കല്പത്തിൽ കൈവരിക്കുന്ന അസ്തിത്വത്തെ സംബന്ധിക്കുന്നതെല്ലാം ചുവപ്പുനിറത്തിലാറാടി നില്ക്കുന്നു. ജാരന്റെ മനസ്സിൽ അവളെക്കുറിച്ച് പൊലിമയോടെ നില്ക്കുന്ന ചിത്രം നെറുകയിൽ സിന്ദൂരവും, നെറ്റിയിൽ കുങ്കുമപ്പൊട്ടുമണിഞ്ഞ്, ചുവന്നസാരി യുടുത്ത്, നാടൻപെണ്ണുങ്ങളുടെ നടുവിൽ തീനാമ്പ് പോലെ ജ്വലിച്ചു നില്ക്കുന്ന ഒരു സ്ത്രീയു ടേതാണ്. ഈ ചിത്രത്തിന്റെ മാരകമായ ആകർഷണത്തെക്കുറിച്ച്, കമ്പവും ഭയപ്പാടും കലർന്ന സ്വരത്തിൽ, അയാൾ പലപ്പോഴും വാചാലതയോടെ സംസാരിക്കുന്നതായി കാണാം. 'പാണ്ഡവ പുര'ത്തിലെ നായിക അവളുടെ പേർ ധ്വനിപ്പിക്കുന്നതു പോലെ, ദേവീസങ്കല്പത്തിന്റെ അടി സ്ഥാന സത്യമുൾക്കൊള്ളുന്നു. നിറവേറ്റാത്ത ആസക്തിയെ മുക്തിയായിക്കരുതി, അമർത്തപ്പെട്ട ജീവിതകാമനയെ സംഹാരചൈതന്യമാക്കി ഉയർത്തി, അവൾ തന്റെ ജന്മസാഫല്യം തേടുന്നു. ഉപാസകന്റെ സമ്പൂർണമായ അർപ്പണവും കീഴടങ്ങലും ആവശ്യപ്പെടുന്ന ഒരംശം അവളുടെ ലീലകളിലുണ്ട്.....

*(വി. രാജകൃഷ്ണൻ-ഒരു പകൽസ്വപ്നത്തിന്റെ ഇരുൾക്കയങ്ങളിലൂടെ-മാതൃഭൂമി-ഏപ്രിൽ 13,'86)*

പാണ്ഡവപുരത്തിന്റെ മണ്ണിൽ കളങ്കം വീഴാത്ത ഒരു ഭൂതകാലത്തിന്റെ ഗന്ധമുണ്ട്; ആസക്തിയെ ഊട്ടുന്ന ഒന്നല്ല, ആ ഗന്ധം. മറിച്ച്, ശാലീനതയെ കിളിർപ്പിക്കുന്ന ഒന്നാണ്. 'പാണ്ഡവപുരം' ഒരിക്കൽ കാടായിരുന്നെന്ന സൂചന ഒട്ടും പ്രകടമല്ലാതെയാണ് സേതു നൽകുന്നത്. അതിന്റെ സ്ഥലഘടനയ്ക്ക് നൈസർഗ്ഗികതയുടെ ഛായ വീഴുന്നത്, നാം ഏഴാമദ്ധ്യായത്തിൽ കണ്ടെത്തുന്നു. മറ്റൊരു ഭ്രമകല്പന പോലെ പ്രത്യക്ഷപ്പെടുന്ന സ്വാമിയുടെ പ്രവചനരൂപത്തിൽ കാലത്തിന്റെ തുടർച്ചയെ ഭഞ്ജിക്കാൻ തുനിയാതെ അതിന്റെ അനിരോധ്യമായ പ്രവാഹത്തിലൂടെ ജീവിച്ചുപോരുന്ന ജടാധാരിയായ സ്വാമി മുന്നറിയിപ്പ് കൊടുക്കുന്നത്, കണിശമായ ഒരു സംസ്കാരനഷ്ടത്തെക്കുറിച്ചാണ്. പാണ്ഡവപുരത്തിന്റെ അനാഘ്രാതമായ അസ്തിത്വം എന്നേക്കുമായി പങ്കിലപ്പെടുമെന്ന് ആ മനുഷ്യൻ അവരോട് ഉരിയാടുന്നു. താമസിയാതെ അവിടെ ഒരു കൈയേറ്റം സംഭവിക്കുന്നു. മണ്ണിനുമേലുള്ള യന്ത്രങ്ങളുടെ കൈയേറ്റം. അവർ, വൈദേശികർ, അവിടത്തെ സൗഭഗം തുരന്നെടുക്കുകയായിരുന്നു. പാണ്ഡവപുരത്തെ ചൂഴ്ന്നു നിന്ന കാടാകെ അവർ വിളർപ്പിച്ചു. വ്യവസായവൽക്കരണത്തിന്റെ ഭീഷണമായ നാന്ദി കുറിച്ചു. തങ്ങൾ അന്യവത്കരിക്കപ്പെടുകയാണെന്നറിയാതെ തന്നെ, പാണ്ഡവപുരവാസികൾ തങ്ങളുടെ പൗരാണിക സമ്പ്രദായങ്ങളിൽ നിന്ന് അകന്നു പോയി.

*(ആഷാ മേനോൻ - പാണ്ഡവപുരത്തിന്റെ സ്ഥലഘടന)*

പാണ്ഡവപുരത്തിലെ ഏറ്റവും വലിയ ആകർഷണം അതിലെ ജാരബിംബവും അത് കേന്ദ്രമായ ജാരപുരാവൃത്തവുമാണ്. ജാരന്റെ പ്രേതരൂപം ദേവിയെ എന്ന പോലെ വായനക്കാരേയും വശീകരിക്കുന്നു. പകൽവെളിച്ചത്തിൽ മറ്റാരേയും പോലെ നടക്കുന്ന ജാരൻ, താൻ മങ്ങിയ വെളിച്ചത്തിൽ നിഴലുപോലെ സഞ്ചരിക്കുകയാണെന്ന മിഥ്യാപ്രതീതിയുളവാക്കുന്ന. നനയാത്ത ഉപ്പൂറ്റിയിലൂടെ പുരുഷന്റെ അകത്തേക്കു കയറുന്ന ജാരൻ സ്വത്വബോധത്തെ ശിഥിലമാക്കുന്നു. വിവാഹം ധർമ്മയുദ്ധത്തിന്റെ അവസാനമാണെങ്കിൽ ജാരസംസർഗം ഒളിയുദ്ധത്തിന്റെ തുടക്കമാണ്. വ്യവസ്ഥാപിത അധികാരകേന്ദ്രങ്ങളെ അകത്തുവച്ച് അട്ടിമറിക്കാനുള്ള എല്ലാ ഗൂഢപ്രവർത്തനങ്ങൾക്കും ജാരബന്ധത്തിന്റെ സ്വഭാവം കാണാം. പാണ്ഡവപുരത്തിൽ ജാരലീലയുടെ രാഷ്ട്രീയം തെളിഞ്ഞു കാണുന്നു. പരദേശികൾക്കെതിരെയുള്ള ജാരപ്രവർത്തനമാണ് പാണ്ഡവപുരത്തെ ജാരപ്രവർത്തനം....

*(വി.സി. ശ്രീജൻ - അപാണ്ഡവായ - സാംസ്കാരികവികാരം - ജനുവരി 2003)*

ബോധമണ്ഡലത്തിൽ കൊടുങ്കാറ്റിന്റെ വേഗത്തിൽ ആഞ്ഞടിക്കുന്ന ശബ്ദാർത്ഥ പ്രതീതികൾ നിറയ്ക്കുന്ന സേതുവിന്റെ ആഖ്യാനം 'പാണ്ഡവപുര'ത്തിൽ നമ്മെ അലോസരങ്ങളുടെ വഴിയിൽ നടത്തുകയാണ് ചെയ്യുന്നത്. ഉന്നതമായ ഒരു യാഥാർത്ഥ്യത്തിന്റെ മേഖല തുറന്നിടുന്നതിനാലാണ് ആഭിചാരത്തിന്റെ പ്രതീതിയുണ്ടാക്കുന്നത്. മിത്തുകളുടെ ഉപയോഗത്തിലും ഒരു അതീത ഭാഷയുടെ ഉപയോഗമാണ് നാം കണ്ടെത്തുന്നത്. (മിത്തിനെ പറ്റിയുള്ള ഘടനാപരമായ പഠനത്തിൽ മിത്ത് അത്യന്തം ഉയർന്ന തലത്തിൽ പ്രവർത്തിക്കുന്ന ഒരു ഭാഷയാണെന്നും ആ തലത്തിൽ അർത്ഥം ഭാഷയുടെ തറയിൽ നിന്ന് 'ടേക് ഓഫ് ' ചെയതു ഉയർന്നു പറക്കുകയാണ്

ചെയ്യുന്നതെന്നും ക്ലോദ്ലെവി സ്ട്രോസ് പറയുന്നുണ്ട്) അഗമ്യഗമനത്തിന്റെയും സാമൂഹ്യാംഗീകാരമില്ലാത്ത പുരുഷസമ്പർക്കത്തിന്റെയും മിത്തുകൾ ആവർത്തിച്ചുകൊണ്ട് നോവലിന്റെ ഭാവാന്തരീക്ഷത്തിന് അനുയോജ്യമായ ഒരു ആഖ്യാനതലം നോവലിസ്റ്റ് ഒരുക്കുന്നു. പാണ്ഡവപുരം എന്ന സ്ഥലനാമം തന്നെ ബഹുഭർത്തൃത്വത്തിന്റെ ഓർമ്മയുടെ അലകൾ ഉയർത്തുന്ന പാണ്ഡവരുടെ ഐതിഹ്യത്തിലേക്ക് നമ്മെ നയിക്കുന്നു.

*(വി.എം.വിനയകുമാർ - പുനർവായന -കറന്റ്സ് ബുക്ക്സ് ബുള്ളറ്റിൻ)*

പ്രാചീനകാലത്തെ ബഹുഭർത്തൃത്വവും അത് നല്കുന്ന ലൈംഗികസ്വാതന്ത്ര്യവും കൊതിക്കുന്ന കഥാപാത്രമായിട്ടാണ് അപ്പൻ ദേവിയെ കാണുന്നത്. ദേവിയിൽ മാത്രമല്ല ഏത് സ്ത്രീയിലും നാഗരികതയ്ക്കും അതിന്റെ വിലക്കുകൾക്കുമെതിരെ ബഹുഭർത്തൃത്വത്തെ ആഗ്രഹിക്കുന്ന ആദിമമനസ്സ് ഗൂഢമായി നില നില്ക്കുന്നുവെന്ന് അപ്പൻ കരുതുന്നു....ബഹുഭർത്തൃത്വം സ്ത്രൈണ മനസ്സിന്റെ ആഴങ്ങളിൽ ഇന്നും നില നില്ക്കാൻ മാത്രം ശക്തമായ സാമൂഹികാനുഭവമാകാൻ ഇടയില്ല എന്ന് സൂചിപ്പിക്കാനാണ് ഇവിടെ നരവംശശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചത്. ഇനി വാദത്തിനു വേണ്ടി അതൊരു ശക്തമായ സാമൂഹികാനുഭവമായിരുന്നു എന്നു തന്നെ സമ്മതിക്കുക. എങ്കിൽ ഏത് തരത്തിലുള്ള അനുഭവമായിരിക്കണം അത് സ്ത്രൈണ ചേതനയിൽ കൊത്തി വച്ചിട്ടുണ്ടാകുക എന്നതാണ് അടുത്ത ചോദ്യം. സ്വതന്ത്ര ലൈംഗികത എന്ന സമ്മോഹനാനുഭവമായി ഇന്നും അത് സ്ത്രൈണമനസ്സിൽ നില നില്ക്കുന്നുവെന്നാണല്ലോ അപ്പന്റെ വാദം. ബഹുഭർത്തൃത്വം = സ്വതന്ത്രലൈംഗികത എന്ന സമവാക്യമാണ് അപ്പന്റെ വാദത്തിന് പിറകിലുള്ളത്. പക്ഷെ, സത്യം അപ്പൻ കരുതുന്നതിന് നേർവിപരീതമാകാനാണ് സാധ്യത. ബഹുഭർത്തൃത്വം മിക്കപ്പോഴും സ്ത്രീക്ക് മേൽ സമൂഹം അടിച്ചേൽപ്പിച്ച പീഡനമായിരുന്നു. സഹോദരങ്ങൾ തമ്മിലുള്ള പോരൊഴിവാക്കാൻ, എതിരാളികളുമായി പോരാടുന്ന ഗോത്രങ്ങളിൽ അന്തഃഛിദ്രം ഒഴിവാക്കാൻ, കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ഓരോ പുരുഷനും ഓരോ കുടുംബം പോറ്റാൻ വഴിയില്ലാതാകുമ്പോൾ, കുടുംബത്തിന്റെ ഐക്യത്തിനും ശ്രേയസ്സിനും വേണ്ടി ഇങ്ങിനെ പല പല കാരണങ്ങൾക്കായി സ്ത്രീ ഒരേ സമയം പല പുരുഷന്മാരെ സഹിക്കേണ്ടി വന്നു എന്നതാണ് നേര്. ഇക്കാര്യത്തെപ്പറ്റി പഠിച്ചവർ കണ്ടെത്തിയിട്ടുള്ളത് അതാണ്.

*(കെ.എം.നരേന്ദ്രൻ - ദേവിയെ അറിയുക - ചില്ല മാസിക )*

ദേവി സ്വന്തം പേടിസ്വപ്നത്തിൽ നിന്ന് രക്ഷനേടാൻ സൃഷ്ടിച്ച കമനീയ കലാശിൽപ്പമാണ് 'പാണ്ഡവപുരം'. ഇതിനെ വലിയ ഒരു പരിധി വരെയും ഒരു 'എൻഡോ സൈക്കിക് മിത്തായി' കാണാവുന്നതാണ്. ഇഡിപ്പസ് കോംപ്ലക്സുൾപ്പെടെയുള്ള 'മിത്തുകളെ' 'എൻഡോ സൈക്കിക് മിത്ത്' എന്ന് ഫ്രോയിഡ് വിശേഷിപ്പിച്ചിട്ടുണ്ട് മനുഷ്യന് അസ്പഷ്ടമായെങ്കിലും സ്വന്തം മാനസിക സംഘടനയെ കാണാൻ കഴിയുന്നുവെന്ന് വിചാരിക്കുക. ഈ കാഴ്ചയുടെ വെളിച്ചത്തിൽ നിരവധി മിഥ്യാകൽപ്പനകൾ അയാൾ നടത്തും. ഓരോന്നും ഓരോ മിത്താണ്, മനോഘടനയ്ക്കനുസൃതമായ മിത്ത്. ഇത്തരം മിത്തുകൾക്ക് യാഥാർത്ഥ്യപ്രതീതി നല്കുക, യാഥാർത്ഥ്യമാണവയെന്ന് വിശ്വസിക്കുക, ഇതു മനുഷ്യസഹജമാണ്. ഫ്രോയിഡിന്റെ ദൃഷ്ടിയിൽ ഈ പ്രവണത

യാണ് മതകല്പനകൾക്കു പോലും നിദാനം. സാഹിത്യസൃഷ്ടി കല്പനയുടെ മറ്റൊരു വ്യാപാരത്തിന്റെ ഫലമാണ്...

*(കെ.എം.തരകൻ- ഒരു 'എൻഡോ സൈക്കിക് മിത്ത്,' എന്റെയും നിങ്ങളുടെയും പാപാഗാരം - ഭഷാഷാപോഷിണി))*

തികച്ചും അപരിചിതമായ ഒരു സ്വപ്നലോകത്തേക്ക് ഇടയ്ക്കിടെ നമ്മെ നയിക്കുന്ന ഒരപൂർവ്വ കൃതിയാണ്. സേതുവിന്റെ 'പാണ്ഡവപുരം' എന്ന നോവൽ. ശരിക്കും ആ ലോകത്തുള്ള ഒരു കോളനിയാണ് പാണ്ഡവപുരം. വിവാഹിതയായ ഒരു സ്ത്രീക്ക് തന്റെ ഭർത്താവിനോടു വിശ്വസ്തത പുലർത്തേണ്ടതുണ്ട്. അതേ സമയം ഒരു കാമുകനുമായി സ്വൈരവിഹാരം നടത്തുന്നതിനുള്ള താൽപ്പര്യവും അവളിൽ ഒളിഞ്ഞും കണ്ടുവെന്ന് വരാം. ഈ രണ്ടു പ്രേരണകളുടെ വടംവലിയിൽ ഞെരുങ്ങുന്ന ഒരു സ്ത്രീയാണ് ഈ നോവലിലെ ദേവി......ദേവി സ്വന്തം ഇംഗിതങ്ങളുടെ സത്യാവസ്ഥയിലേക്ക് നടത്തുന്ന പ്രയാണമാണ് കഥയുടെ മർമ്മം. അവളുടെ മനസ്സിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടന്നിരുന്ന അഭിലാഷങ്ങളും പ്രേരണകളും അനുഭവങ്ങളും അത്യന്തം ചാതുരിയോടു കൂടി സേതു അവതരിപ്പിക്കുന്നു. ഇതിൽ ഏത് സത്യം, ഏത് മിഥ്യ എന്ന് നമുക്ക് ഇഴപിരിക്കാൻ നിവൃത്തിയിലാത്ത വിധമാണ് രചനയുടെ ഗതി. അങ്ങനെ നാം വൈചിത്ര്യം നിറഞ്ഞ ഒരു ലോകത്തിൽ ഏറെ സമയംജീവിക്കുന്നു.

*(കെ.എം.ജോർജ്ജ്- സാഹിത്യത്തിലെ ഫാന്റസി- മാതൃഭൂമി- ഏപ്രിൽ 8. 1990)*

സേതുവിന്റെ പാണ്ഡവപുരത്തിൽ കാലമെന്ന ഘടകം പുതിയ രൂപവും ഭാവവും നേടുന്നു. കാലത്തിന്റെ അസ്തിത്വം സേതു നിഷേധിക്കുന്നു. അതിന് ഭൂത-വർത്തമാനകാലങ്ങളുടെ സംഘർഷം എന്ന തന്ത്രമല്ല സ്വീകരിക്കപ്പെടുന്നത്. ഭൗതികലോകത്തിനും ഭൗതികകാലത്തിനും സമാന്തരമായി ഒഴുകുന്ന മനസ്സിന്റെ കല്പിതകാലവും കല്പിതദേശവും സേതു സൃഷ്ടിക്കുന്നു. ദേവിടീച്ചർ കാത്തിരിക്കുന്ന തീവണ്ടിസ്റ്റേഷനും അവർക്ക് നേരെ മുൾമുനയുള്ള നോട്ടങ്ങൾ എറിയുന്ന ദേശവും ഭൗതിക സത്യമായി നില കൊള്ളുമ്പോൾ, അകലെയെവിടെയോ നിന്നും വന്ന ജാരൻ, ദേവിയെ വശീകരിക്കാൻ ഉപയോഗിക്കുന്ന 'പാണ്ഡവപുരം' തികച്ചും കല്പിതമത്രെ. പീഡനം അനുഭവിക്കുന്ന മനസ്സുകളിലെല്ലാം പാണ്ഡവപുരങ്ങൾ ഒരു വിഭ്രാന്തി പോലെ തെളിയുന്നുണ്ടാവാം. കല്പിതദേശത്തിൽ കാലത്തിന് ഇഴഞ്ഞോ വേഗത്തിലോ നീങ്ങാൻ കഴിയും. നാം ജീവിച്ചിരിക്കുന്ന ലോകത്തിലാകട്ടെ, കാലത്തിന്റെ നീക്കത്തെ ഘടികാരങ്ങൾ നിയന്ത്രിക്കുന്നു.

*(കല്ലിക്കാട് രാമചന്ദ്രൻ - നോവലിൽ ഒരു പുത്തൻ കാലസങ്കല്പം - കലാകൗമുദി - ലക്കം 306)*

താന്ത്രികത ലൈംഗികതയുടെ തലാതലാന്തങ്ങളിലാകെ നിറഞ്ഞു നില്ക്കുന്ന സ്ത്രൈണശക്തിയാണ്. അവൾ ഉമിത്തീയായി നീറിപ്പിടിക്കുന്നു. സ്ത്രീയെ ശക്തിസ്വരൂപിണിയായി, സ്ത്രീയെ അടിസ്ഥാനോർജമായി മാത്രം പൂജിച്ചാരാധിക്കുന്നു. താന്ത്രികമതത്തിൽ സ്ത്രീപൂജയാണ് മുഖ്യമാ

യിട്ടുള്ളത്. സ്ത്രൈണശക്തിയുടെ പ്രാകൃതാരാധനയാണ് അവിടെ കാണുക. സ്ത്രീയുമായുള്ള ഏതുതരം ബന്ധത്തിലും സ്പർശത്തിലും സ്വീയാത്മാവിനെ സ്ത്രൈണഭാവത്തിന്റെ സ്ഥാവരഭൂമിയാക്കാത്ത പുരുഷൻ പുരുഷനല്ല. മറിച്ച് സ്ത്രീയുമല്ല. അല്ലെങ്കിൽ പുരുഷനും സ്ത്രീയും പൂർണരാകുന്നില്ല. താന്ത്രികമതത്തിന്റെ താത്ത്വികാടിസ്ഥാനം തന്നെ അതാണ്. പുരുഷവീര്യം സ്ത്രൈണശക്തിയിലേക്ക് വാർന്നു വീഴാനായി ദേവി, ദൗപദി, കൊല്ലത്തി എന്നിവരൊക്കെ വില്ലൊടിഞ്ഞൊച്ച കേട്ട മൈഥിലിയെപ്പോലെ തിളച്ചു മറിയുന്നു. അഭിജാതയോ, അനഭിജാതയെന്നോ ഭിന്നതയില്ല; പിഴച്ചവനും പിഴച്ചവളുമില്ല. കാരണം, നല്ലതും ചീത്തയുമെല്ലാം ഒന്നിൽ നിന്നാണ് രൂപമെടുക്കുന്നത്. ജാരബന്ധം സ്വയം ഏറ്റെടുക്കാൻ മുന്നിട്ടിറങ്ങുന്ന കൊല്ലത്തിയും ദേവിയും അതിനെ ഒരു വീഴ്ചയായി കണക്കാക്കാഞ്ഞത് അതാണ്. അവിടെ അവൾ താന്ത്രികമതത്തിന്റെ മന്ത്രസത്ത ശ്വസിക്കുന്ന ഭൈരവിയോ കാളികയോ ആണ്....പുരാണപുത്രിയായ പാഞ്ചാലി ശമദമങ്ങളിലൂടെ ആ സ്ഥാനം പൂകുമ്പോൾ സേതുവിന്റെ ദേവി മനസ്സിന്റെ നനുനനുപ്പുകളിൽ നിന്നൂറി വരുന്ന ജാരഭാവത്തെ സ്വയം രക്താസ്ഥിമാംസം നല്കി പുരുഷരൂപത്തിലാക്കി, പരസ്പരം കോഴിപ്പോര് നടത്തിച്ച്, ലൈംഗികതയെ ലൈംഗികതയിലൂടെ കീഴടക്കുന്നു. കാമത്തിന്റെ കരിമൊട്ട് വിടർത്തി സൗഗന്ധികപ്പൂവാക്കാൻ അവൾ ജാരന്മാരെ ആവാഹിച്ചെടുക്കുന്നു....

*(തുമ്പമൺ തോമസ് - ജാരസങ്കല്പവും ആദിപിതാവും - മാതൃഭൂമി - 1991 ഫെബ്രുവരി 24)*

രണ്ട് സംസ്കാരങ്ങൾ തമ്മിലുള്ള ഒരു സംഘട്ടനം സൃഷ്ടിക്കുവാൻ ഈ നോവലിൽ ശ്രമിച്ചിരിക്കുന്നത് കാണാം. പൗരാണികഗ്രാമീണ സംസ്കാരവും, ആധുനിക നഗരസംസ്കാരവും തമ്മിലുള്ള സംഘട്ടനം. ഇതു രണ്ടും ഒരു വ്യക്തിയുടെ മനസ്സിനുള്ളിൽ തന്നെയാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുരാണ കഥാപരാമർശത്തിൽ കൂടിയും ആദ്യമേ നോവലിൽ ഒരു പൗരാണിക പശ്ചാത്തലം സംജാതമാക്കുന്നു. ദേവിയുടെ മാന്ത്രികശക്തിയും ജാരനെ ആവാഹിക്കുന്ന വിധവും പൂജാദികർമ്മങ്ങളുമെല്ലാം ഒരു ഗ്രാമീണസംസ്കാരത്തിന്റെ ഫലമാണ്. ആവാഹിക്കുക എന്ന സങ്കല്പം തന്നെ നോക്കുക---യുക്തിക്ക് നിരക്കാത്ത പലതും ദേവിയുടെ ജീവിതത്തിൽ സംഭവിക്കുന്നു. രഹസ്യങ്ങൾ വീർപ്പുമുട്ടി നില്ക്കുന്ന ഏതോ പ്രാചീനമായ ഇരുട്ടിലേക്ക് മുങ്ങിപ്പോകുന്നതായി ഇതിലെ ജാരന്റെ അനുഭവം സേതു വിവരിക്കുന്നു...... ഇങ്ങനെ മഞ്ഞ മുഖഛായയുള്ള നഗരത്തിന്റെ വർണ്ണന നോവലിൽ പല സ്ഥലത്തും ആവർത്തിക്കുന്നുണ്ട്. മൂർത്തമായ ഈ സ്ഥിരബിംബങ്ങളിലൂടെ നഗരസംസ്കാരത്തിന്റെ പൊള്ളത്തരങ്ങളും വ്യക്തിയുടെ അന്യവത്ക്കരണവും അനിശ്ചിതത്വവും വെളിവാക്കുന്നു.

*(ലേഖാ നരേന്ദ്രൻ - വരും വരാതിരിക്കില്ല, ഇന്നല്ലെങ്കിൽ നാളെ -- സംക്രമണം - 1982 നവമ്പർ)*

പൗരാണികതയുടെ ചിഹ്നങ്ങൾ വർത്തമാനകാലജീവിതത്തോട് ചേർത്ത് മാറ്റി വരയ്ക്കുക സേതു എന്ന എഴുത്തുകാരന്റെ കാഴ്ചയുടെ ഇഷ്ടമാണ്. കണ്ണുകൾക്ക് പിന്നിൽ പേടിസ്വപ്നങ്ങൾ പാളിക്കൊണ്ടിരിക്കും. മുന്നിൽ നിയോഗത്തിന്റെ അദൃശ്യകരങ്ങൾ നീണ്ടുവരും. ഭാഷയിൽ ഭൂമിഗന്ധങ്ങൾ പെരുകി പ്രകൃതിപരാഗങ്ങൾ പൊടിച്ചുണരും. പാണ്ഡവപുരത്തിലെ ദേവിയുടെ സ്വപ്നങ്ങൾക്ക് കുപ്പിച്ചില്ലുകളുടെ നിറപ്പകിട്ടുണ്ട്. ദൃശ്യത്തിന്റെ സൗന്ദര്യവും അനുഭവത്തിന്റെ മുറിവുമാണ് ആ പ്രയോഗത്തിലെ അർത്ഥലോകം. അപമാനിക്കപ്പെട്ട സ്ത്രീത്വത്തിന്റെ ഭൂതകാല

വസ്ത്രങ്ങളാണ് 'പാണ്ഡവപുരം', 'നിയോഗം' എന്നീ നോവലുകളിലെ നായികമാരുടെ പശ്ചാത്തലത്തിൽ തിരശ്ശീലയായി വീണിരിക്കുന്നത്.

*(വി. ആർ.സുധീഷ് - ഒരു സ്വപ്നരചന - മാതൃഭൂമി വാരാന്തപ്പതിപ്പ് 1996 ജൂലൈ 28)*

'പാണ്ഡവപുരം' മലയാളം നോവലുകൾക്കിടയിൽ ഒറ്റപ്പെട്ടു നില്ക്കുന്നു. ഉജ്ജ്വലമായ ഒരാ ഭാവഗീതത്തിന്റെ ഭാവസാന്ദ്രത കഥാഗാത്രത്തിലുടനീളം സംരക്ഷിക്കുന്ന ഈ കൃതി 'മഞ്ഞി'നും 'ഖസാക്കിന്റെ ഇതിഹാസ'ത്തിനും ശേഷം ആ താവഴിയിലുണ്ടായ ഏറ്റവും മികച്ച കലാശില്പ മാണ്. ലബ്ധപ്രതിഷ്ഠമായ സങ്കേതങ്ങളെ ഉല്ലംഘിക്കുകയും അനുവാചകന്റെ ആസ്വാദനതല ത്തിൽ കലാപം സൃഷ്ടിക്കുകയും ചെയ്യുന്ന രചനാതന്ത്രമാണ് സേതു സ്വീകരിക്കുന്നത്. ഏറ്റവും കുറഞ്ഞ വാക്കുകൾകൊണ്ടു ഏറ്റവും മികച്ച ഭാവമണ്ഡലം സൃഷ്ടിക്കുകയാണിവിടെ നോവലിസ്റ്റ്. കഥാപാത്രങ്ങളുടെയും സംഭവങ്ങളുടെയും കാര്യത്തിൽ ലോഭം കൊണ്ടു സൃഷ്ടിക്കുന്ന ധാരാളിത്തം നമുക്കനുഭവപ്പെടുന്നു......സ്ത്രീമനസ്സിലെ നിഗൂഢവ്യാപാരങ്ങളുടെ അഗാധതലങ്ങൾ അനാവരണം ചെയ്തു കൊണ്ടു മിത്തുകളുടെ സ്വഭാവമുള്ള കഥകളും സംഭവ ങ്ങളും ഇണക്കിച്ചേർത്തു ഇതിഹാസസമാനമായ ശൈലിയിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്ന 'പാണ്ഡവപുരം' ഒരു നോവലിസ്റ്റിന്റെ ക്രാന്തമായ അന്തർദർശന ശേഷിക്കും, സാർവ്വസ്പർശി യായ ജീവിതനിരീക്ഷണപടുതയ്ക്കും, കൃതഹസ്തമായ ശില്പനിർമ്മാണ ചാതുരിയ്ക്കും നിദർശനമായി നില കൊള്ളുന്നു.

*(കുര്യാസ് കുമ്പളക്കുഴി - സത്യസങ്കല്പങ്ങളുടെ ശുദ്ധസൗന്ദര്യം - ദീപിക വാരാന്ത്യം - 1983 )*

.....മനുഷ്യമനസ്സിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള ശാസ്ത്രീയപഠനം മറ്റു പലതിലുമെന്ന പോലെ സാഹിത്യത്തിലും സ്വാധീനം ചെലുത്തി. മാനസികാപഗ്രഥനതത്വങ്ങൾക്ക് പ്രാധാന്യം കല്പിച്ചു കൊണ്ടുള്ള സാഹിത്യസൃഷ്ടികൾ പല ഭാഷകളിലും പ്രത്യക്ഷപ്പെട്ടു. എങ്കിലും അത്തരം കൃതികൾ മലയാളത്തിൽ അധികമുണ്ടായില്ല. വിരലിലെണ്ണാവുന്ന അവയിൽ സേതുവിന്റെ 'പാണ്ഡവപുരം' മുൻപന്തിയിൽ നില്ക്കുന്നു. സങ്കല്പലോകത്ത് മനസ്സിനെ മേയാൻ വിടുകയെന്നത് മനുഷ്യസ്വഭാവമാണ്. യഥാർത്ഥലോകത്തിൽ അനുഭവിക്കാൻ സാധിക്കാത്ത സുഖങ്ങൾ സങ്കല്പത്തിലൂടെ അനുഭവിക്കാൻ ഹൃദയം വെമ്പൽ കൊള്ളും. പക്ഷെ, അപ്പോഴെല്ലാം ആരോഗ്യ പൂർണ്ണമായ ഒരു മനസ്സിന്റെ ഉടമയ്ക്ക് യാഥാർത്ഥ്യസങ്കല്പങ്ങളെ വേർതിരിക്കുന്ന അതിർത്തിരേഖ യെക്കുറിച്ചു നല്ല ബോധം ഉണ്ടായിരിക്കും. ആ അതിർത്തിരേഖ മാഞ്ഞു പോകുകയും സങ്കല്പങ്ങൾ യാഥാർത്ഥ്യങ്ങളാണെന്ന ഭ്രമം ഉണ്ടാവുകയും ചെയ്യുമ്പോഴാണ് അത് മനോരോഗമായി മാറുന്നത്...

*(കെ.കുമാരൻനായർ - മലയാള മനശ്ശാസ്ത്രനോവലുകളിൽ ഒരപൂർവ്വചാരുത - വിശാലകേരളം -1999 )*

സേതുവിനെക്കുറിച്ചുണ്ടായിട്ടുള്ള മിക്ക പഠനങ്ങളും 'പാണ്ഡവപുര'ത്തെയാണ് കേന്ദ്രമാക്കിയിട്ടുള്ളത്. ഭ്രമാത്മകതയുടെ മുദ്രകളെല്ലാം ഭദ്രമായി ഉറപ്പിച്ചിട്ടുള്ള ഈ നോവൽ ഫാന്റസി പഠനങ്ങൾക്ക് വളക്കൂറുള്ള മണ്ണ് പ്രദാനം ചെയ്യുന്നു. വിശേഷിച്ചും അതിലെ സ്ത്രീകേന്ദ്രീകൃതത്വം. സ്ത്രീസ്വത്വത്തിന്റെ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്ന 'പാണ്ഡവപുരം' സ്ത്രീകൾ തന്നെയെഴുതിയ ഏതു കൃതിയെക്കാളും കലാപരമായ ശോഭയോടെ സ്ത്രീയുടെ മനോനിലയുടെ സങ്കീർണ്ണതകൾ അവതരിപ്പിക്കുന്നു. തൃഷ്ണയാണ് 'പാണ്ഡവപുര'ത്തിലെ ഭ്രമാത്മകതയുടെ അടിസ്ഥാനം. സ്നേഹവ്യഗ്രതയും നിഗ്രഹോത്സുകതയും ഒത്തുചേരുന്ന ദേവിയുടെ ഉന്മാദ മനോനില'പാണ്ഡവപുര'ത്തിന്റെ ശില്പത്തെ നിർണ്ണയിക്കുന്നു. യാഥാർത്ഥ്യാതീതമായ ചിലതിന്റെയൊക്കെ ആവിഷ്കരണമല്ല ഫാന്റസിയെന്നും, യാഥാർത്ഥ്യത്തിന്റെ തന്നെ സ്വപ്നപ്രതീതമായ ആവിഷ്കാരമാണ് അതെന്നും 'പാണ്ഡവപുരം' വ്യക്തമാക്കുന്നു.

*(രാധിക സി. നായർ - സ്വപ്നപ്രതീതിയുടെ വിളയാട്ടങ്ങൾ - മലയാളം - ജനുവരി 2000)*

ഭർത്താവായി കുറച്ചു കാലം കഴിഞ്ഞതുകൊണ്ടു മാത്രം ജാരന്മാരുടെ ക്യൂവിൽ ഏറ്റവുമൊടുവിലത്തെ സ്ഥാനം കുഞ്ഞിക്കുട്ടന് നൽകി വിജയമാഘോഷിക്കുന്ന ദേവി പുരുഷത്വത്തിന്റെ അഹന്തയ്ക്ക് മുന്നിൽ പതറാത്ത ശക്തിയാണ്. പുറത്ത് മഴ അലറിപ്പെയ്യുമ്പോൾ താണ്ഡവമാടുന്ന ശക്തിസ്വരൂപിണിയായ ദേവിയും ജാരനെ ആവാഹിച്ചു വരുത്തി കാൽക്കീഴിലിട്ട് ഞെരിച്ച് സംതൃപ്തിയടയാൻ വെമ്പുന്ന ദേവിയും ഒന്നാവുന്നു. താനറിയാതിരിക്കുമ്പോൾ, തന്നെ ആഗ്രഹിക്കുന്ന പുരുഷനെക്കുറിച്ചുള്ള സ്ത്രീയുടെ മോഹമാണ് ഗന്ധർവ്വസങ്കൽപ്പത്തിലുള്ളത്. ജാരനോട് ദേവി ചോദിക്കുന്ന ഈ ചോദ്യം 'നിങ്ങളെ കൊതിപ്പിച്ച ഈ ശരീരം നേടിയെടുക്കുവാൻ നിങ്ങൾ എന്തുകൊണ്ട് ശ്രമിച്ചില്ല'. ഇത് കല്പാന്തകാലത്തോളമുള്ള ഓരോ സ്ത്രീയുടെയും അന്തരാത്മാവിൽ ചോദി ക്കാതെ കിടക്കുന്ന ഒരു ചോദ്യമാണ്. ഇത്രക്ക് ഉന്മാദഭരിതമായ ഒരാന്തരികലോകം ഇതിനുമുമ്പുള്ള സ്ത്രീപരിചരണങ്ങളിലൊന്നും കണ്ടിട്ടില്ല. പൊതുവായ സാംസ്കാരിക തീരുമാനങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെട്ട ആഖ്യാനമാതൃകകളിൽ നിന്ന് ദേവി വ്യത്യസ്തയാകുന്നു. പുരുഷകാഴ്ചയുടെ ശീലങ്ങളെ അട്ടിമറിക്കുന്ന ഒരു സ്ത്രീദൃശ്യതയാണ് പാണ്ഡവപുരത്തിൽ സൃഷ്ടിക്കപ്പെടുന്നത്.

*(എസ്. ശാരദക്കുട്ടി- വായന ആഗസ്റ്റ്/2004)*

സ്ത്രീജന്മത്തിലെ ചില വിചിത്രമുഹൂർത്തങ്ങൾ പെറുക്കിയെടുത്ത് മനുഷ്യാവസ്ഥയോടും പൊരുളറിയാത്ത ധർമ്മസങ്കടങ്ങളോടും തീവ്രമായി പ്രതികരിക്കാൻ കെൽപ്പുള്ള കഥാപാത്രമാണ് ദേവി. ഒരു സന്നിഗ്ധഘട്ടത്തിൽ നാട്ടിൻപുറത്തുകാരിയായ സ്ത്രീ തന്റെ പഴയ ജീവിതത്തിന്റെ കണക്കെടുപ്പ് നടത്തുന്നു. വർത്തമാനകാലത്തിൽ ചുവട് നഷ്ടപ്പെട്ട ദേവി യുക്തിഭദ്രമായ ഒരു ഭൂതകാലം തേടുന്നു. അവിടെ വേരുറപ്പിക്കാനുള്ള ശ്രമത്തിൽ തന്റെയുള്ളിൽ മറ്റൊരു ലോകം സൃഷ്ടിക്കുന്നു.മുമ്പ് തന്നെ അലട്ടിയ ജീവിതസന്ദർഭങ്ങൾക്ക് വ്യാഖ്യാനം കണ്ടെത്തുന്നു. പുതിയ യാഥാർത്ഥ്യങ്ങൾ കണ്ടെത്തുന്നു. പാണ്ഡവപുരത്തിന്റെ ബാഹ്യതലങ്ങളിലിങ്ങനെയൊക്കെ. എന്നാൽ ആന്തരിക തലം ചികയുമ്പോൾ ദേവി പുരുഷമേധാവിത്വത്തിനോടാണ്

പൊരുതുന്നത്. ഉപേക്ഷിച്ചു പോയ ഭർത്താവിനോടുള്ള പ്രതികാരവും ആത്മനിന്ദയിൽ നിന്ന് ഉരുത്തിരിയുന്ന വെറുപ്പും പകയും ജാരസങ്കല്പവും ഒക്കെ അതിന്റെ രൂപഭേദങ്ങൾ. എന്നാൽ ദേവിയിൽ ബഹുഭർത്തൃത്വത്തിനു വേണ്ടിയുള്ള സ്ത്രീയുടെ ദാഹം, പ്രാചീനമായൊരു വാസന പോലെ തുടിക്കുന്നു. നിറവേറാത്ത ആസക്തിയെ മുക്തിയായി കരുതി, അമർത്തപ്പെട്ട ജീവിത കാമനയെ സംഹാരചൈതന്യമാക്കി ഉയർത്തി സാഫല്യം നേടുന്നു.

*(എൻ.പി.ഹാഫിസ് മുഹമ്മദ് - മലയാളത്തിലെ നിത്യപ്രണയിനികൾ - മലയാളമനോരമ വാർഷികം)*

സ്ത്രീയെ വിഗ്രഹവത്കരിക്കുന്ന ഭാരതീയസങ്കല്പങ്ങൾ - അത് വിശ്വാസത്തിന്റെ പുറത്തായാലും - അവൾ ആദ്യം ഒരു സ്ത്രീയാണെന്നും അവളും ഒരു മനുഷ്യനാണെന്നും അവൾക്കും സങ്കല്പങ്ങളും കാമമോഹങ്ങളും ഉണ്ടെന്നും തിരിച്ചറിയാതെ പോകുമ്പോൾ അവൾ പ്രതികാരദാഹിയാകുന്നു. വിശപ്പുപോലെ തന്നെ കാമവും ഒരു ആവശ്യകതയാണ്. ഒന്നിലേറെത്തവണ തന്റെ വികാര ങ്ങൾ വ്രണപ്പെടുന്ന കാഴ്ചയാണ് ദേവിയെ 'ദുർഗ'യാക്കി മാറ്റുന്നത്. ക്രമേണ അവളിൽ കാമ വിരക്തത പൊട്ടിമുളയ്ക്കുകയും അതിനെതിരെ ആരോടെന്നില്ലാതെ നിഴൽയുദ്ധം നടത്തു കയും ചെയ്യുന്നു. പുരുഷന്റെ പത്തിയെ ആഞ്ഞാഞ്ഞ് ചവിട്ടിമെതിക്കുമ്പോഴും അവളിൽ പ്രതികാരം പതഞ്ഞു പൊന്തുകയാണ്. ഇതിലൂടെ അവൾ നമ്മുടെ മുന്നിലേക്ക് എറിയുന്ന ഒരു സങ്കല്പമുണ്ട്. അത് സ്ത്രീ പൂജിക്കപ്പെടേണ്ടവളല്ല, അവളും മജ്ജയും മാംസവും ഉള്ള മനുഷ്യനാണ് എന്നുള്ളതു തന്നെ.

*(പ്രവീൺ ഡാനി-ജാരൻ: പാണ്ഡവപുരം -ഒരു സ്ത്രീപക്ഷ വായന- ദേശാഭിമാനി വാരിക ഏപ്രിൽ 1, 2007)*

സങ്കല്പത്തിനും സത്യത്തിനുമിടയ്ക്കുള്ള നേർത്ത ജലരേഖയിൽ തീർത്ത പാണ്ഡവപുരം എന്ന നേരിൽക്കാണാത്ത വിചിത്രലോകവും അവിടത്തെ ദേവീക്ഷേത്രവും അവിടെ നിന്നും വരു മെന്ന് പ്രതീക്ഷിക്കുന്ന ജാരന്മാരും മിഥ്യാഭാവനയിൽ അഭിരമിക്കുന്ന ഒരു പെൺമനസ്സിന്റെ സൃഷ്ടി തന്നെയാണ്. സ്ത്രീയുടെ ചേതനയിലെ അബോധപ്രേരണയായ ബഹുഭർത്തൃത്വത്തിന്റെ സൂചന തന്നുകൊണ്ട്, ജാരനെ കാത്തിരിക്കുന്ന ദേവിയുടെ അവസ്ഥ തുടരുകയാണെന്നാണ് നോവലിസ്റ്റ് കൽപ്പന ചെയ്യുന്നത്. സദാചാരത്തിന്റെ സാമൂഹിക നിർമ്മിതിയിൽ സ്ത്രീയുടെ കാമനകളും ഇച്ഛകളും (Instincts and desires) എപ്രകാരമാണ് തമസ്കരിക്കപ്പെടുന്നതെന്ന വിഷയം ഇന്ന് സംസ്കാരപഠനത്തിന്റെ കീഴിൽ ഗൗരവമായി ചർച്ച ചെയ്യപ്പെട്ടു വരികയാണ്..... വ്യക്ത്യനുഭവത്തിനുമേൽ അധികാരത്തിന്റെ മുദ്ര ഏറ്റവും ശക്തമായി പതിഞ്ഞിട്ടുള്ള മേഖലയാ ണല്ലോ ലൈംഗികത. ദേവിയുടെ വ്യക്തിസത്ത നേരിടുന്ന ഏറ്റവും വലിയ പരീക്ഷണമാണ്, തിരസ്കൃതമായ അവളുടെ ഇച്ഛകളും കാമനകളും. അകാരണമായ ഈ തിരസ്കാരത്തിന് ദേവി യുടെ കുടുംബവും ദേവിയും സമൂഹവുമായുള്ള ബന്ധത്തെപ്പോലും മാറ്റിമറിക്കാൻ കഴിയുന്നു. സദാചാരനിയമങ്ങൾ വ്യക്തിയുടെ അനുഭവത്തിന്റെ മേഖലകളെയെല്ലാം ബാധിക്കുന്നുവെന്ന് ദേവിയുടെ ജീവിതത്തിലെ കാഴ്ചകൾ നമ്മോട് പറയുന്നു. അവളുടെ വികാരങ്ങളെ, വിചാര ങ്ങളെ, ആഗ്രഹങ്ങളെയെല്ലാം സമൂഹം അതിന് യുക്തമായ രീതിയിൽ പുനർനിർവ്വചിച്ചു കൊണ്ടിരിക്കുമ്പോൾ വ്യക്തിമനസ്സ് രക്ഷപ്പെടലിനുള്ള അവസാനതന്ത്രം മെനയുകയാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ശരീരത്തിലേക്ക് കടക്കാനുള്ള കവാടമാണ് ലൈംഗികത

യെങ്കിൽ ലൈംഗികതയെ ചരിത്രപരമായ അനുഭവമായിട്ടാണ് സമീപിക്കേണ്ടത്. അത്തരത്തിൽ സ്ത്രീലൈംഗികതയുടെ ചരിത്രപരമായ അന്വേഷണത്തിന്റെ സാധ്യതയാണ് പാണ്ഡവപുരത്തിന്റെ കല മുന്നോട്ടു വയ്ക്കുന്നത്. വിലക്കുകളും നിയമങ്ങളും പ്രതിരോധവും സ്ത്രീമനസ്സിന്റെ കവാട ങ്ങളെ ഭൂതകാലത്തിലേക്ക് തിരിച്ചുവച്ച റഡാറുകളാകാൻ പ്രേരിപ്പിക്കുന്നതിന്റെ സാക്ഷ്യപത്രം കൂടിയാകുന്നു പാണ്ഡവപുരം.

*(എ.ജി.ഒലീന-സദാചാരത്തിന്റെ സാമൂഹ്യനിർമിതിയും സ്ത്രീസ്വത്വകാമനകളും-ഗ്രന്ഥാലോകം - മാർച്ച് '09)*

പാണ്ഡവപുരത്തിന് ഒരു രാഷ്ട്രീയ ഭൂഘടനയുണ്ട്. പൊതുവിൽ ഈ നോവൽ ദേവിയുടെ മനസ്സിന്റെ ഭ്രമലോകങ്ങളിലേക്ക് മാത്രം ശ്രദ്ധിച്ചു നില്ക്കുന്ന ഒന്നാണെന്ന വിലയിരുത്തലുകൾ പൂർണ്ണമല്ല. യഥാർത്ഥത്തിൽ പാണ്ഡവപുരം നിർമ്മിക്കപ്പെട്ടത് ദേവിയുടെ മനസ്സിൽ തന്നെ യാകാം. എന്നാൽ അതിൽ യാഥാർത്ഥ്യത്തിന്റെ അതീതദർശനമുണ്ട്. അത് ജാരന്മാരുടെ സ്ഥല മാണ്. അവിടെ ജാരന്മാർ നിങ്ങളുടെ സ്വകാര്യതകളുടെ വിടവുകളിലൂടെ നിങ്ങൾക്കുള്ളിലേക്ക് പ്രവേശിക്കുന്നു. പൊതുവിൽ ചാരനിറമുള്ള, പുകക്കുഴലുകളും വ്യവസായശാലകളുമുള്ള അന്യഥാ കാല്പനികമോ മനോബലമോ അല്ലാത്ത ഒരു സ്ഥലമാണത്. ഒരു തരം വരണ്ട ഭൂപ്രദേശ ത്തെയാണ് സേതുവിന്റെ ആഖ്യാനകലയിലൂടെ നമുക്ക് കിട്ടുന്നത്. അവിടെ മനുഷ്യർ അസ്വസ്ഥരും സുരക്ഷിതത്വമില്ലാത്തവരും യാന്ത്രികതയുടെ ഉപോല്പന്നങ്ങളുമാണ്. ഒരുപക്ഷെ, അതിനെ മനുഷ്യലോകവുമായി ബന്ധിപ്പിക്കുന്നത് ജാരന്മാരുടെ സാന്നിധ്യമാണ്. ഒരു post colonial സാമൂഹികാവസ്ഥ പാണ്ഡവപുരത്തുണ്ടെന്ന് സേതു പ്രത്യക്ഷമായി സൂചിപ്പിക്കു ന്നുണ്ട്. സാമ്രാജ്യത്വത്തിന്റെ അധിനിവേശം ഉണ്ടായ സ്ഥലമാണത്. കമ്പനിപ്പട വന്ന് വ്യവസായശാലകൾ കെട്ടിയ സ്ഥലം..

*(കെ.ബി.പ്രസന്നകുമാർ - പാണ്ഡവപുരം എന്ന യാഥാർത്ഥ്യം - ഉപദ്ധ്വനി - 2009)*

നായർസ്ത്രീയുടെ ബഹുഭർത്തൃത്വത്തിന്റെ രൂപകമായി, സ്ത്രീയുടെ ബഹുഭർത്തൃത്വത്തിനുള്ള ചോദനയായി മാത്രം ദേവിയെ കാണുന്നവർ അവളുടെ ശക്തിയെ ചെറുതാക്കി കാണിക്കുന്ന തായാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഭർത്താവിനെ ഉപേക്ഷിക്കാൻ സ്വാതന്ത്ര്യമുള്ള നായർ സ്ത്രീകൾക്ക് ഒരേ സമയം ഒന്നിലധികം ഭർത്താക്കന്മാരുണ്ടായതായി കേട്ടിട്ടില്ല. അതായത്, ചില ഗോത്രവർഗ്ഗത്തിലുള്ളതു പോലെയുള്ള ബഹുഭർത്തൃത്വം ഇവിടെ നിലവിലുണ്ടായിരുന്നില്ല. അപ്പോൾ സ്ത്രീയുടെ അദമ്യമായ രതിയുടെ ചിഹ്നമായി ദേവിയെ കാണുന്നതിൽ എന്തോ അപാകതയില്ലേ ? ദേവി തീർച്ചയായും ഒരു സ്ഥലത്തിന്റെയും, കാലത്തിന്റെയും സൃഷ്ടിയാണ്. അവിടത്തെ അന്നത്തെ നിയമങ്ങൾക്ക് വിധേയയായിട്ടാണ് അവൾ ജീവിച്ചു തുടങ്ങുന്നത്. എന്നാൽ ആ നിയമങ്ങൾ, അവയെ അനുസരിച്ചാൽ അവൾക്ക് സ്വസ്ഥമായ കുടുംബജീവിതവും ഭർത്താവിന്റെ സംരക്ഷണവും കൊടുക്കേണ്ടതായ നിയമങ്ങൾ, എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല എന്ന ഉത്തരം കിട്ടാത്ത സമസ്യയാണ് അവളെ ഭാവനയുടെ ലോകത്തേക്ക് നയിക്കുന്നത്.

*(പ്രേമ ജയകുമാർ - പാണ്ഡവപുരത്തിന്റെ പല ലോകങ്ങൾ - ഉപദ്ധ്വനി - 2009)*

പ്രാദേശിക ചരിത്രം നോവലുകൾക്ക് ഒരു പ്രധാനവിഷയമായി നിലനില്ക്കുന്ന സമകാലീന സാഹിത്യത്തിൽ സേതുവിന്റെ പാണ്ഡവപുരം എന്ന അയഥാർത്ഥപ്രദേശം നോവൽദേശങ്ങളിൽ നിന്ന് വേറിട്ട് നില്ക്കുന്നു. സംസ്കാരത്തിന് പുറത്താണ് ഒരർത്ഥത്തിൽ വിഭ്രാന്തമായ മനസ്സ്. ചിന്തകളെയും സ്വപ്നങ്ങളെയും രാഷ്ട്രീയബോധവും സാംസ്കാരിക സാഹചര്യങ്ങളും നിയന്ത്രിക്കുന്നുണ്ടെങ്കിലും അത്തരമൊരു ഐക്യപ്പെടൽ സാധ്യമാകാത്ത അവസ്ഥയാണ് കേവലമായ വിഭ്രാന്തി. സംസ്കാരത്തിൽ നിന്നും, ചരിത്രത്തിൽ നിന്നും തെന്നിപ്പോകുന്ന അല്ലെങ്കിൽ അവയെ കുടഞ്ഞെറിയുന്ന സമീപനം കൊണ്ടാണ് പാണ്ഡവപുരം ഫാന്റസിയോട് അടുത്തു നിൽക്കുന്നത്. കഥാപാത്രങ്ങൾ തമ്മിലുള്ള പരസ്പരബന്ധമല്ല, പരസ്പരബന്ധമില്ലായ്മയാണ് പാണ്ഡവപുരത്തിൽ അന്വേഷിക്കേണ്ടത്. വായനക്കാരിൽ പൂർവ്വനിശ്ചിതമായി കടന്നുവരുന്ന കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധശേഷിയിൽ വിള്ളൽ വീഴ്ത്തുന്നതിലാണ് എഴുത്തുകാരൻ ശ്രദ്ധിക്കുന്നത്. ഇത് ആഖ്യാനത്തിന്റെ ഒരു പ്രത്യേകതയായി വികസിപ്പിക്കുന്നുണ്ട് നോവലിൽ. സ്ഥലവും കാലവും തമ്മിൽ ഏകരൂപമില്ലാത്തിടത്ത് പലർക്കും പലരോടും സംസാരിക്കാൻ കഴിയും. ഈ കാലഘടകങ്ങളും സ്ഥലഘടകങ്ങളും കൂട്ടി വായിക്കാൻ വായനക്കാർ ശ്രമിക്കുന്നത് നോവൽ എന്ന ഗണവ്യവസ്ഥയിൽ പ്രസ്തുതകൃതി വായനക്കാരെ സമ്പോധന ചെയ്യുന്നതു കൊണ്ടു കൂടിയാണ്.

*(വാസുദേവൻ കോറോം - സേതുവിന്റെ ഫാന്റസിപുരം - ഉപദ്ധ്വനി - 2009)*

സ്ത്രീപുരുഷബന്ധത്തിന്റെ ധീരവും വിനീതവുമായ കൊടുക്കൽ വാങ്ങലുകളും ഉർവ്വരതാ പ്രാർത്ഥനകളും ആത്മാലാപങ്ങളും കവിഞ്ഞൊഴുകുന്ന സങ്കീർണ്ണതകളുടെ ഒരു നദിയാണ് സേതുവിന്റെ കഥാലോകം. ഇതിനെ വലയം ചെയ്യുന്ന സ്ഥലരാശിയെക്കുറിക്കുന്ന ഒരു സർവ്വവ്യാപിത്വമായി പാണ്ഡവപുരം നിലകൊള്ളുന്നു. എല്ലാ സ്ത്രീകളും കുന്തിയോ പാഞ്ചാലിയോ തന്നെ. കാറ്റിന്റെ കുളമ്പടി ശബ്ദം കേൾക്കുന്നവർ. ജനാലയ്ക്കലെ പുരുഷമുഖത്തിൽ ആരോപിക്കപ്പെട്ട ജാരത്വവുമായി സഹയാത്ര ചെയ്യുന്നവർ, ഭൗതികമായി ഒരിക്കലും പൂരിപ്പിക്കപ്പെടാത്തവർ--വ്യസനങ്ങളുടെ ദേശനാമമാണ് പാണ്ഡവപുരം എന്നത്. എണ്ണിത്തീർക്കാനാവാത്ത പ്രലോഭനങ്ങൾക്കും പാരുഷ്യങ്ങൾക്കുമിടയിൽ ഒറ്റയായിപ്പോകുന്ന സ്ത്രീജിവിതത്തിന്റെ ചുരുക്കപ്പേരാണത്. പങ്ക്‌വയ്ക്കപ്പെടുന്ന ഒരുവളാണ് അതിന്റെ കേന്ദ്രം. അവൾ ചിലപ്പോൾ കുന്തിയെപ്പോലെ മന്ത്രം ചൊല്ലി ആവാഹിക്കും. ചിലപ്പോൾ പാഞ്ചാലിയെപ്പോലെ മുടിയഴിച്ചാടും. വർത്തമാന ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് അഴിഞ്ഞുവീഴുന്ന ഉടയാടകൾക്കു മേൽ ജീവിതേച്ഛയുടെ ആവരണങ്ങൾ ഉരുത്തിരിഞ്ഞു വരുന്നു. സേതുവിന്റെ ഓരോ സ്ത്രീകഥാപാത്രങ്ങളുടെയും അതിജീവനം ഇവ്വിധമാണ്...

*(സ്വപ്ന ശ്രീനിവാസൻ - പടർന്നു കിടക്കുന്ന ഒരു ദേശം - സേതു - എഴുത്തും വായനയും - മാർച്ച് 2011)*

സേതുവിനെ സംബന്ധിച്ചിടത്തോളം പരീക്ഷിച്ചു വിജയിച്ച ഒരു രചനാതന്ത്രമാണ് ഭ്രമകല്പന. യാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കാൻ തേടിയ സുരക്ഷിതമായ ഒരു കുറുക്കുവഴി. ജീവിതസമസ്യകളുണ്ടാക്കുന്ന പ്രതിസന്ധിയിൽ പെട്ട് വഴിമുട്ടി നില്ക്കുന്ന കഥാപാത്രങ്ങളെ മാനസികപ്രയാണങ്ങളിലേക്ക് വഴി തിരിച്ചുവിടുന്നതിലൂടെ, നോവലിസ്റ്റ് സ്വയം നേരിടുന്ന ആവിഷ്കാരപ്രതിസന്ധിയെ മറി കടക്കുന്നു കൂടിയുണ്ട്. ആഖ്യാനം മുതൽ കഥാപാത്രചിത്രീകരണം വരെയുള്ള

നോവലിന്റെ സ്ഥൂലസൂക്ഷ്മഭാവങ്ങളിൽ ഭ്രമാത്മകത ഫലപ്രദമായി പരീക്ഷിക്കപ്പെട്ടിരിക്കുന്നു. മലയാളനോവലിലെ ഫാന്റസിയെക്കുറിച്ചുള്ള ചിന്തകളിൽ ആദ്യം കയറിവരുന്ന നാമം സേതുവിന്റേതാകുന്നതും ഇതു കൊണ്ടാണ്. അതിൽത്തന്നെ 'പാണ്ഡവപുരം' എക്കാലത്തെയും മാസ്റ്റർപീസായി നിലകൊള്ളുന്നു. ഭാവനയുടെ ഒരു പുതുലോകം സൃഷ്ടിച്ചു കൊണ്ടു മലയാളത്തിന്റെ ആസ്വാദനശീലങ്ങൾക്ക് ഒരു നൂതനമായ പഥപ്രയാണം തന്നെ സംഭവിപ്പിക്കുകയായിരുന്നു പാണ്ഡവപുരം എന്നാണ് സാഹിത്യചരിത്രം അടയാളപ്പെടുത്തുന്നത്. എന്നാൽ പാണ്ഡവപുരം ഒരു പുതിയ സംരംഭമായിരുന്നില്ല; സേതുവിനെ സംബന്ധിച്ചിടത്തോളമെങ്കിലും. അദ്ദേഹത്തിന്റെ കഥകളിലും ആദ്യകാലനോവലുകളിലും എല്ലാം ഭ്രമസഞ്ചാരത്തിന്റെ അടയാളങ്ങൾ ദർശിക്കാൻ കഴിയും. പാണ്ഡവപുരത്തിൽ സ്ത്രീലൈംഗികതയുടെ അക്രാമകമായ ഭാവം എടുത്തു കാട്ടിയതുകൊണ്ടോ, സ്ത്രീയുടെ അപകടകരമായ മുക്തിപ്രസ്താവനയെ പ്രമേയമാക്കിയതു കൊണ്ടോ അത് മലയാളചേതനയെ ഞെട്ടിക്കാൻപോന്ന അഥവാ ഞെട്ടി എന്നു ഭാവിക്കാൻ പോന്ന സ്ഫോടനത്തിനു കാരണമായി എന്നു മാത്രം....

*(പി.എസ്.ജ്യോതിലക്ഷ്മി - ഭ്രമസഞ്ചാരം - സേതു - എഴുത്തും വായനയും - മാർച്ച് 2011)*

പാണ്ഡവപുരം മലയാളത്തിൽ ഇറങ്ങിയിട്ടുള്ള ഏറ്റവും ശക്തമായ സ്ത്രീപക്ഷ നോവലാണ്. സ്ത്രീപക്ഷം എന്നു പറയുന്നത് സ്ത്രൈണമായ, അല്ലെങ്കിൽ ഫെമിനിസ്റ്റായ എന്ന അർത്ഥത്തിലല്ല. സ്ത്രീജീവിതത്തിന്റെ സാമൂഹികദുഖങ്ങളെ, സ്ത്രീയുടെ അരാജകഭീതിയെ, സ്വന്തം ശരീരമെന്ന ശത്രുവിനോട് പൊരുതി കഴിയേണ്ടി വരുന്ന വ്യഥകളെ അവതരിപ്പിക്കുകയും, ചരിത്രത്തിൽ അവൾക്ക് നഷ്ടപ്പെട്ടു പോയ ഇടം പിടിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്ലോട്ട് എന്ന നിലയിൽ പാണ്ഡവപുരം സ്ത്രീപക്ഷരചനയാണ്. ഈ ചരിത്രത്തിലെ ഇടം തേടൽ ഇപ്പോൾ സംഭവിച്ചില്ലെങ്കിൽ എന്നെങ്കിലും സംഭവിക്കും എന്നവൾ പ്രതീക്ഷിക്കുന്നുണ്ട്. 'വരും വരാതിരിക്കില്ല' എന്ന ദേവിയുടെ ചിന്ത അതാണ് സൂചിപ്പിക്കുന്നത്.

*(ഐസക് ഈപ്പൻ - പാണ്ഡവപുരം എന്ന കേരളം - ദേശാഭിമാനി വാരിക 1 ജനുവരി 2012)*